# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T.1971 — 22/01/2014 - ൽ മറുപടിക്ക്

### ഉൾനാടൻ ജലഗതാഗത വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.എ.മാധവൻ:<br>ശ്രീ. ആർ.സെൽവരാജ്:<br>ശ്രീ. വി.റ്റി.ബൽറാം:<br>ശ്രീ. എം.പി.വിൻസെന്റ്: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു:മുഖ്യമന്ത്രി) |
| (എ) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിലുമുള്ള പാതകളായ കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള പാതകൾ സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പിക്കുന്നതിന് 13-ാം ധനകാര്യകമ്മീഷൻ സഹായത്തോടെയും, നബാർഡ് ധനസഹായത്തോടെയും സംസ്ഥാന ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തിലെ ജലപാത ചരക്കു ഗതാഗതത്തിനും വിനോദ സഞ്ചാരത്തിനും മറ്റു യാത്രാ ആവശ്യങ്ങൾക്കും ഉതകുന്ന വിധം വികസിപ്പിച്ചെടുക്കുകയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. ചരക്കു ഗതാഗതം ഭൂരിഭാഗവും ജലമാർഗ്ഗം നടത്താവുന്നതാണ്. അതുവഴി കരമാർഗ്ഗമുള്ള ഗതാഗതക്കുരുക്കുകൾ ഒഴിവാക്കാൻ സാധിക്കും. ചെലവു കുറഞ്ഞതും, പരിസ്ഥിതിക്ക് കൂടുതൽ അനുയോജ്യവും, ടൂറിസം വികസന സാദ്ധ്യത വർദ്ധിപ്പിച്ചുമുള്ള ഗതാഗതം ജലപാതയുടെ വികസനം മൂലം സാദ്ധ്യമാകുന്നതാണ്. |
| (സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എല്ലാം തന്നെ കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഏറ്റെടുത്ത് നടത്തിവരുന്നത്. കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള ജലപാതയുടെ വികസനം |

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഉൾനാടൻ ജലഗതാഗത കാര്യാലയത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ഇതിനായി ധനകാര്യ കമ്മീഷൻ, നബാർഡ് തുടങ്ങിയവയുടെ സാമ്പത്തിക സഹകരണം സ്വീകരിക്കുന്നുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) കോട്ടപ്പുറം-നീലേശ്വരം സംസ്ഥാന പാത വികസനത്തിന്റെ ഭാഗമായി 17.61 കിലോമീറ്റർ നീളമുള്ള വടകര-മാഹി കനാലിന്റെ നിർമ്മാണം 100 കോടി മുതൽ മുടക്കിൽ 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും, നബാർഡ് ധനസഹായത്തോടെയും, സംസ്ഥാന ഫണ്ട് ഉപയോഗിച്ചും നടത്തി വരുന്നു. മാഹി-വളപട്ടണം ഭാഗത്തെ പുനരുദ്ധാരണത്തിനായി പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയായി. ഈഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ അണ്ടത്തോട് മുതൽ പൊന്നാനി വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും, താനൂർ-കൂട്ടായി കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇ.കെ.കനാലിന്റെയും ബി.കെ. കനാലിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. നീലേശ്വരം മുതൽ ഹോസ്ദുർഗ്ഗ് വരെ സംസ്ഥാന ജലപാത ദീർഘിപ്പിക്കുന്ന തിനുള്ള നിർദ്ദേശവും പരിഗണനയിലാണ്. കൊല്ലം-കോവളം പാതയുടെ വികസനത്തിന്റെ ഭാഗമായി മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി കൊല്ലം തോടിന്റെയും ശിവഗിരി മുതൽ നടയറ വരെയുള്ള ഭാഗത്തിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ